പതിന്നാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2951

18/06/2018 ൽ മറുപടിക്ക്

# സർവ്വേ-റീസർവ്വേ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം.തോമസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർവ്വേ-റീസർവ്വേ നടത്താത്ത എത്ര ഭൂമിയുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളിലെ 1789369 ഹെക്ടർ ഭൂമിയുടെ റീസർവ്വെ പൂർത്തിയായിട്ടുള്ളതും, 761 വില്ലേജുകളിലായി 2096931 ഹെക്ടർ ഭൂമിയുടെ റീസർവ്വെ ശേഷിക്കുന്നതുമാണ്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സർവ്വേ-റീസർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) ആധുനിക സർവ്വെ ഉപകരണങ്ങളായ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ETS)ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) എന്നിവ ഉപയോഗിച്ച് എല്ലാ വകുപ്പുകൾക്കും ഡിജിറ്റൽ ഡാറ്റാ ഉപയോഗപ്രദമാം വിധം WGS 84 എന്ന കോർഡിനേറ്റ് സിസ്റ്റത്തിൽ സർവ്വെ ഓഫ് ഇന്ത്യ നൽകിയിട്ടുള്ള കൺട്രോൾ പോയിന്റുകളെ ആസ്പദമാക്കിയുള്ള ഡിജിറ്റൽ സർവ്വെ പ്രവർത്തനങ്ങളാണ് നിലവിൽ നിർവ്വഹിച്ച് വരുന്നത്. |
| (സി) സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന്റെ സമയക്രമം വ്യക്തമാക്കുമോ ? | (സി) റീസർവെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനായി 10/05/2018 ലെ സഉ(കൈ)നം.181/18/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടികൾ |

പ്രാരംഭഘട്ടത്തിലാണ്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവെ നിയമം ഭേദഗതി, പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസിയെ ചുമതലപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ജില്ല | ആകെ വില്ലേജുകൾ | റവന്യൂ ഭരണത്തിന് കൈമാറിയത് | ശേഷിക്കുന്നത് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 124 | 110 | 14 |
| 2 | കൊല്ലം | 105 | 88 | 17 |
| 3 | പത്തനംതിട്ട | 70 | 58 | 12 |
| 4 | ആലപ്പുഴ | 93 | 76 | 17 |
| 5 | കോട്ടയം | 100 | 86 | 14 |
| 6 | ഇടുക്കി | 68 | 36 | 32 |
| 7 | എറണാകുളം | 127 | 75 | 52 |
| 8 | തൃശ്ശൂർ | 255 | 71 | 184 |
| 9 | പാലക്കാട് | 157 | 115 | 42 |
| 10 | മലപ്പുറം | 138 | 56 | 82 |
| 11 | കോഴിക്കോട് | 118 | 16 | 102 |
| 12 | വയനാട് | 49 | 36 | 13 |
| 13 | കണ്ണൂർ (ദേശം ഉൾപ്പെടെ) | 132 | 58 | 74 |
| 14 | കാസർഗോഡ് | 128 | 22 | 106 |
| **15** | ആകെ | **1664** | **903** | **761** |
| | **വിസ്തീർണ്ണം** | **3886300** | **1789369** | **2096931** |

സെക്ഷൻ ഓഫീസർ